(സി) കോഴിക്കോട് ഇന്ന് നിലവിലുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറർ നിർത്തലാക്കിയോ; എങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ), (ബി) പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥ–അനുദ്യോഗസ്ഥ അംഗങ്ങൾക്കും പഞ്ചായത്ത് ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥൻമാർക്കും വേണ്ടി തൃശ്ശൂർ കേന്ദ്രമാക്കി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി കേരളത്തിലെ 1001 പഞ്ചായത്തുകളിൽനിന്നു പണം പിരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കോഴിക്കോട് ഇന്ന് നിലവിലുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറർ നിർത്തലാക്കിയിട്ടില്ല.

ഇരിങ്ങാലക്കുട സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം

26 [2440] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പൊതുമരാമത്ത് പണികൾക്കായുള്ള ഇരിങ്ങാലക്കുട സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ഇരിങ്ങാലക്കുട ലോക്കൽ വർക്സ് സബ്ഡിവിഷൻ ഓഫീസിന് കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

മുകുന്ദപുരം താലൂക്ക് പഞ്ചായത്താഫീസ്

27 [2441] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസൗകര്യമുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുകുന്ദപുരം താലൂക്ക് പഞ്ചായത്താഫീസ് ഇരിങ്ങാലക്കുട മുനിസിപ്പൽ റസ്റ്റ് ഹൗസിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മുകുന്ദപുരം താലൂക്ക് പഞ്ചായത്താഫീസ് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ വക ബസ്സ്റ്റാൻറ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly